പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5207 27.06.2019 -ൽ മറുപടിക്ക്

## പെട്രോൾ പമ്പുകളിൽ ഉപഭോക്താക്കൾക്കുള്ള സൗകര്യങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എം.ഉമ്മർ**<br>**ശ്രീ.പി.കെ.അബ്ദു റബ്ബ്**<br>**ശ്രീ.അബ്ദുൽ ഹമീദ് പി.**<br>**പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്തെ പെട്രോൾ പമ്പുകളിൽ ഉപഭോക്താക്കൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടില്ലായെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ ; | (എ) പൊതുമേഖലാ എണ്ണക്കമ്പനികളുടെ കീഴിലുള്ള പെട്രോൾ പമ്പുകളിൽ ഉപഭോക്താകൾക്ക് വേണ്ട അവശ്യ സൗകര്യങ്ങളായ കുടിവെള്ളം, ശുചിമുറി, സൗജന്യമായി ടയറിൽ വായു നിറയ്ക്കാനുള്ള സൗകര്യം എന്നിവ ലഭ്യമാക്കുന്നുണ്ട് എന്ന് എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്. സപ്ലൈകോ പെട്രോൾ പമ്പുകളിലും ഉപഭോക്താക്കൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. എണ്ണക്കമ്പനികളുടെ ഫീൽഡ് ഓഫീസർമാരുടെ പീരിയോഡിക് പരിശോധനയിലും സിവിൽ സപ്ലൈസ് വകുപ്പിലെ ഉദ്യോഗസ്ഥന്മാരുടെ പരിശോധനയിലും ടി സൗകര്യങ്ങൾ ലഭ്യമാക്കുന്നുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പ് വരുത്തുന്നുണ്ട്. |
| ~~(ബി) ഇതുസംബന്ധിച്ച് എണ്ണക്കമ്പനി~~കളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കാമോ ;<br>(സി) ഉപഭോക്താക്കൾക്കായി സൗകര്യങ്ങൾ ഏർപ്പെടുത്താത്ത പമ്പുകളിൽ സംസ്ഥാന സർക്കാരിന് നിയമപരമായ എന്തെല്ലാം നിയന്ത്രണങ്ങൾ ഏർപ്പെടുത്താൻ കഴിയും എന്നറിയിക്കാമോ ? | (ബി) & (സി) ~~പൊതുമേഖല എണ്ണക്കമ്പനികൾക്ക് കീഴിലുള്ള~~ സംസ്ഥാനത്തെ പെട്രോൾ പമ്പുകൾ പ്രവർത്തിക്കുന്നത് കേന്ദ്ര സർക്കാരിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് അനുസരിച്ചാണ്. ഉപഭോക്താക്കൾക്കായി സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടില്ലാത്ത സാഹചര്യത്തിൽ പ്രസ്തുത സൗകര്യങ്ങൾ ലഭ്യമാക്കുവാൻ പമ്പുകൾക്ക് അടിയന്തിര നിർദ്ദേശങ്ങൾ നല്കുകയും ക്രമക്കേടുകൾ എണ്ണക്കമ്പനികളുടെ ശ്രദ്ധയിൽ പ്പെടുത്താറുമുണ്ട്. |

സെക്ഷൻ ഓഫീസർ